ഐ.ടി.സി., ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ നടപടി

20(*305) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി.സി., ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് പരീക്ഷകളുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വർഷങ്ങളായി ലഭിക്കുന്നില്ലെന്ന, പരാതിയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനു കാരണമെന്ത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തിന് പുറത്തും വിദേശങ്ങളിലും ജോലി തേടിപ്പോകുന്ന സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾക്ക് അസൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) പുതിയ സംവിധാനത്തിൽ ഒറിജനൽ സർട്ടിഫിക്കറ്റുകൾ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, ന്യൂഡൽഹിയിൽ നിന്നും ഒപ്പിട്ടു വരുന്നതിലുള്ള കാലതാമസം കൊണ്ടാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ കാലതാമസം എടുക്കുന്നത്.

(സി) ട്രേഡ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനങ്ങളിൽ കേസന്വേഷണം നടത്തുന്നതിന് കേന്ദ്രാന്വേഷണ ഏജൻസികൾ രൂപീകരിക്കാൻ നടപടി

21(*306) ശ്രീ. പി. സി. ജോർജ് :
ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങളിൽ നേരിട്ട് കേസന്വേഷണം നടത്തുന്നതിന് കേന്ദ്രാന്വേഷണ ഏജൻസികൾ രൂപീകരിക്കാനും അതിനായി നിയമനിർമ്മാണം നടത്താനും കേന്ദ്ര സർക്കാർ ചില നടപടികൾ സ്വീകരിച്ചുവരുന്നതായി സംസ്ഥാന സർക്കാരിന് അറിവുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടിയിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്തെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനങ്ങളിൽ ഭീകര പ്രവർത്തനം തടയാനെന്ന വ്യാജേനയുള്ള കേന്ദ്രസർക്കാരിന്റെ ഈ നീക്കം സംസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള അന്വേഷണ ഏജൻസികൾ സംസ്ഥാനങ്ങളിലെ ഏതൊക്കെ വിഷയങ്ങളിൻമേൽ അന്വേഷണം ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിരുന്നുവോ ; എങ്കിൽ ഏതൊക്കെ വിഷയങ്ങളിലെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള കേസന്വേഷണ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെങ്കിലും നിർദ്ദേശം കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.

(ബി,സി&ഡി) സംസ്ഥാന സർക്കാരുകളുടെ അനുവാദം കൂടാതെ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് കൗണ്ടർ ടെററിസ്റ്റ് ജൂറിക്ക് ശിക്ഷയോടുകൂടി ഒരു ഫെഡറൽ ലാ എൻഫോഴ്സ്മെന്റ് ഏജൻസിയുടെ രൂപീകരണം ഇൻഡ്യൻ യൂണിയന്റെ ഫെഡറൽ സ്വഭാവത്തെ കൂടുതൽ ദുർബലമായും, ഇൻഡ്യയുടെ ഐക്യവും അഖണ്ഡതയും പരമാധികാരവും കാത്തുസൂക്ഷിക്കാൻ കേന്ദ്ര സർക്കാരിനെപ്പോലെതന്നെ സംസ്ഥാന സർക്കാരുകൾക്കും ആകാംക്ഷയുണ്ട്. ദേശീയ പരമാധികാരം കാത്തു സൂക്ഷിക്കുവാൻ സംസ്ഥാനസർക്കാരുകൾക്കുള്ള സദുദ്ദേശവും ഉത്തമവിശ്വാസവും കേന്ദ്രം അംഗീകരിക്കുന്നില്ലെങ്കിൽ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്തതന്നെ ഇല്ലാതാകും. ആഭ്യന്തര സുരക്ഷിതത്വത്തെ ബാധിക്കുന്ന കേസുകൾ അന്വേഷിക്കുന്ന കാര്യം സംസ്ഥാന ഗവൺമെന്റുകൾ കാര്യക്ഷമമായി കാണുന്നില്ലെന്ന് പറയുന്നത് സംസ്ഥാന ഗവൺമെന്റുകളുടെ രാജ്യസ്നേഹത്തെയും സത്യസന്ധതയെയും കുറിച്ച് പരോക്ഷമായ അപവാദമാണ്. ഇൻഡ്യൻ യൂണിയനെതിരായ കുറ്റകൃത്യങ്ങൾ കേന്ദ്രഗവൺമെന്റ് അന്വേഷിച്ചാൽ മാത്രമേ യൂണിയന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളൂ എന്ന നിഗമനം സംസ്ഥാന സർക്കാരിന് സ്വീകാര്യമല്ല. സ്വതന്ത്ര്യത്തിന് ശേഷമുള്ള 53 വർഷങ്ങൾക്കുള്ളിൽ രാജ്യത്തിന്റെ സുരക്ഷിതത്വത്തെ ബാധിക്കാൻ സാധ്യതയുള്ള പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ധാരാളം പ്രക്ഷോഭങ്ങൾ സംസ്ഥാന പോലീസിന് ഫലപ്രദമായി നേരിടാൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ സംസ്ഥാന പോലീസിനെ നവീകരിക്കുന്നതിന് കേന്ദ്ര സർക്കാർ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

സഹായം നൽകുകയാണ് വേണ്ടത്. സംസ്ഥാന പോലീസ് സേനയെ നവീകരിച്ചുകൊണ്ടു മാത്രമേ ആഭ്യന്തര സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയൂ. അതല്ലാതെ സംസ്ഥാന പോലീസിന് പകരം പുതിയൊരു കേന്ദ്ര ഏജൻസിയെ രൂപീകരിച്ചാൽ സംസ്ഥാന പോലീസിനെ നവീകരിക്കാൻ വേണ്ട ധനസഹായം നൽകാൻ കേന്ദ്ര ഗവൺമെന്റിന് കഴിയാതെ വരും. ആഭ്യന്തര സുരക്ഷയെ സാധാരണ ക്രമ സമാധാനപ്രശ്നങ്ങളിൽനിന്നും വേറിട്ടു പരിഗണിക്കാൻ കഴിയില്ല. സാധാരണ കുറ്റകൃത്യങ്ങൾ തക്കസമയത്ത് ഫലപ്രദമായി നേരിട്ടില്ലായെങ്കിൽ അത് തന്നെ ദേശവിരുദ്ധ ശക്തികളുമായിച്ചേർന്ന് മാഫിയാ പ്രവർത്തനങ്ങളായി വളരുകയും ആഭ്യന്തര സുരക്ഷിതത്വത്തിന് കടുത്ത ഭീഷണിയായി ഭവിക്കുകയും ചെയ്യും. അങ്ങിങ്ങ് സംഭവിക്കുന്ന ഏതാനും ചില കേസുകൾ സംസ്ഥാന സർക്കാരിന്റെ സഹകരണം കൂടാതെയും അവയെ വിശ്വാസത്തിലെടുക്കാതെയും കേന്ദ്ര ഏജൻസി അന്വേഷിക്കുന്നതുകൊണ്ടുമാത്രം രാഷ്ട്രത്തിന്റെ സുരക്ഷ ഉറപ്പാക്കാൻ കഴിയില്ല. സംസ്ഥാന സർക്കാരുകളുടെ ഇത്തരം അധികാരങ്ങൾ കവർന്ന് എടുത്തുകൊണ്ട് കേന്ദ്രം അധികാരകേന്ദ്രീകരണം നടത്തുന്നതുതന്നെ ആഭ്യന്തര സുരക്ഷിതത്വ പ്രശ്നമായി മാറും. അതിനാൽ ഒരു ഫെഡറൽ ലാ എൻഫോഴ്സ്മെന്റ് ഏജൻസിയോ ഫെഡറൽ ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസിയോ രൂപീകരിക്കേണ്ട ആവശ്യമില്ല. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള ഫലപ്രദവും ലക്ഷ്യബോധമുള്ള ഭരണപരമായ ഏകോപന പ്രവർത്തങ്ങളിലൂടെ ഈ പ്രശ്നങ്ങൾ നേരിടാനാവും. അതിനായി ഭരണ ഘടനയോ നിയമങ്ങളോ ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. മുകളിൽ വിശദമാക്കിട്ടുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന കുറ്റകൃത്യങ്ങളിൽ ഫെഡറൽ ഏജൻസി അന്വേഷണാധികാരം നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

1. ഭീകര പ്രവർത്തനങ്ങൾ/സ്റ്റേറ്റിനെതിരായ യുദ്ധം
2. ആയുധവും മയക്കുമരുന്നും കടത്തൽ
3. റാഞ്ചൽ
4. പണം വെളുപ്പിക്കൽ
5. വ്യാജകറൻസിയുമായി ബന്ധപ്പെട്ട കുറ്റങ്ങൾ
6. ചാരപ്രവൃത്തി
7. നാഷണൽ ഇൻഫ്രാസ്ട്രക്ചറിനെ ലക്ഷ്യമാക്കിയുള്ള കുറ്റകൃത്യങ്ങൾ.

(എഫ്) സംസ്ഥാന പോലീസിന്റെ നവീകരണത്തിനായി 60.77 കോടി രൂപയുടെ വിശദമായ നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly